**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5376** **15-03-2023 - ൽ മറുപടിയ്ക്ക്**

**കോളേജ് അദ്ധ്യാപക നിയമന പ്രായപരിധി വർധിപ്പിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കോളേജ് അദ്ധ്യാപകരുടെ നിയമനത്തിന് നിലവിലുള്ള പ്രായപരിധിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ കോളേജ് അദ്ധ്യാപകരുടെ നിയമനത്തിന് നിലവിലുള്ള പ്രായപരിധിയിൽ മാറ്റം വരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | ഉന്നത വിദ്യാഭ്യാസ വകുപ്പ് ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. യു.ജി.സി. റെഗുലേഷന് അനുസൃതമായി അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി ഒഴിവാക്കണമെന്ന ശിപാർശ ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത നിർദ്ദേശം വഴി ഉന്നത വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ? | (സി) | യു.ജി.സി റഗുലേഷന് അനുസൃതമായി പ്രായപരിധിയിൽ മാറ്റം വരുത്തുന്നത് ഫാക്കൽറ്റി മൊബിലിറ്റി സുഗമമാക്കുന്നതിനും, സർവ്വകലാശാല കോളേജ് തലത്തിൽ പ്രൊഫഷണൽ മികവ് വർദ്ധിക്കുന്നതിനും, പി.എച്ച്.ഡി യും മറ്റ് ഗവേഷണ ബിരുദങ്ങളും നേടിയെടുക്കുന്നതിന്റെ ഭാഗമായി പ്രായപരിധി അധികരിച്ച് പോയവരുടെയും അക്കാദമിക മികവ് പ്രയോജനപ്പെടുത്തുന്നതിനും ഇടയാക്കും. |

സെക്ഷൻ ഓഫീസർ